₹ 5/-

# റിയൽ ലൈഫ് വോയ്സ്

# REAL LIFE VOICE

Monthly

Volume 9
Issue 9

March 2021

pages 24

“യഹോവ ഭക്തനെ തനിക്കു വേർതിരിച്ചിരിക്കുന്നു എന്നറിവിൻ; ഞാൻ യഹോവയെ വിളിച്ചപേക്ഷിക്കുമ്പോൾ അവൻ കേൾക്കും. നടുങ്ങുവിൻ; പാപം ചെയ്യാതിരിപ്പിൻ; നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ചു മൗനമായിരിപ്പിൻ”

**(സങ്കീർത്തനങ്ങൾ 4:3,4)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

R E A L   L I F E   V O I C E

**Volume 9   Issue 9   March 2021   pages 24   Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.
**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 111**

## ഉള്ളടക്കം

പേജ്

• ഭരണാധികാരികളുടെ ധൂർത്തുകൾ 3
• പ്രതികരണങ്ങൾ 7
• തൃശ്ശൂരിലെ താരപ്പേട്ടൻ (7) 9
• സഭാനവീകരണം (4) 13
• പുതിയനിയമത്തിലൂടെ....(15) 17
• പരിശുദ്ധാത്മാവ് (34) 20
• സെക്കൻഡിന്റെ വില 24

ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

# എഡിറ്റോറിയൽ



## ഭരണാധികാരി കളുടെ ധൂർത്തുകൾ

കാലാകാലങ്ങളിൽ നമ്മെ ഭരിച്ചവർ – കേരളത്തിലായാലും കേന്ദ്രത്തിലായാലും – കുറച്ചുകൂടി ഉത്തരവാദിത്വവും ആത്മാർത്ഥതയും സത്യസന്ധതയും കാണിച്ചിരുന്നുവെങ്കിൽ നമ്മുടെ രാജ്യം വൻതോതിൽ സാമ്പത്തികമുന്നേറ്റം കൈവരിക്കുമായിരുന്നു. ദാരിദ്ര്യവും അന്ധവിശ്വാസങ്ങളും തൊഴിലില്ലായ്മയും ഇന്ന് നമ്മുടെ മധ്യേ കാണുന്നതിന്റെ ഉത്തരവാദികൾ ഭരണാധികാരികൾ തന്നെയാണ്. ധൂർത്ത്, അഴിമതി, സ്വജനപക്ഷപാതം, ഗുണ്ടായിസം എന്നിവയെല്ലാം പരിപൂർണ്ണമായും വെടിഞ്ഞ് ആരെങ്കിലും അഞ്ചു കൊല്ലം നമ്മെ ഭരിച്ചാൽ തീരുന്ന പ്രശ്നങ്ങളെ ഇവിടെയുള്ളൂ.

നമ്മെ നന്നാക്കും, സേവിക്കും എന്നൊക്കെപ്പറഞ്ഞ്, പല്ലിളിച്ചുകാട്ടി, നമ്മുടെ വോട്ടും വാങ്ങി അധികാരത്തിൽ കയറുന്നവർ, പിന്നീട് ജന്മിമാരെപ്പോലെ പെരുമാറുകയും, നമ്മുടെ പണം എടുത്ത് ധൂർത്തടിക്കുകയും ചെയ്യുന്ന കാഴ്ചയാണ് നിലവിലുള്ളത്. നമ്മുടെ വോട്ട്, നമ്മുടെ പണം... പക്ഷേ നമുക്കു ഗുണമില്ല. വല്ലപ്പോഴും പട്ടിക്ക് എല്ലുകഷണം ഇട്ടുകൊടുക്കുന്നതുപോലെ ഇട്ടുതരുന്ന ചില ആനുകൂല്യങ്ങൾ മാത്രം. അതും അവരുടെ തറവാട്ടുവക സ്വത്തിൽനിന്നാണ് തരുന്നത് എന്ന ഭാവവും! വെറുതെയല്ല, ഇലക്ഷനിൽ 'നോട്ട' (None of the above)യിൽ കുത്തുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നത്.

നമ്മുടെ ഭരണാധികാരികൾ ചെയ്തുകൂട്ടുന്ന തെമ്മാടിത്തരങ്ങളിൽ ചിലത് നോക്കുക:

**1. വിദേശയാത്രകൾ**

ജനത്തെ സേവിക്കേണ്ടവർ ജനമുള്ളിടത്തേക്ക് ഇറങ്ങിച്ചെല്ലാതെ വിദേശത്തേക്ക് യാത്ര ചെയ്യുന്നു. അതും ലക്ഷങ്ങൾ ചെലവഴിച്ചുകൊണ്ട്! യാത്രയിൽ ഭാര്യ, കുഞ്ഞമ്മേടെ മോൾ എന്നു തുടങ്ങി പലരും ഉണ്ടാകും. കുറച്ചു പേപ്പറുകളിൽ ഒപ്പിട്ടു ഇങ്ങോട്ടു പോരും. വിദേശയാത്ര അങ്ങനെ ആഡംബരഉല്ലാസയാത്രയായിത്തീരുന്നു. സ്വന്തമായി പത്തു പൈസയുടെ ചെല

വില്ലാതെ, പൊതുജനത്തിന്റെ അദ്ധ്വാനത്തിന്റെ ഫലത്തിൽ കയ്യിട്ടുവാരി ഇത്തരം ധൂർത്തുയാത്രകൾ നടത്താൻ യാതൊരു ഉളുപ്പും ഇവർക്ക് തോന്നുന്നില്ല എന്നതാണ് അതിശയം. പൊതുജനത്തിന് പ്രയോജനകരമായ യാത്രകളാണ് ഇവർ വിദേശത്തേക്ക് നടത്തുന്നതെങ്കിൽ നല്ലത്. വിദേശയാത്രയ്ക്ക് വന്ന ചെലവും അതുകൊണ്ട് പൊതുജനത്തിനുണ്ടായ പ്രയോജനവും ഇവർ പരസ്യമാക്കട്ടെ. പ്രയോജനം കടലാസ്സിൽ ഉണ്ടായാൽ പോരാ; പൊതുജനത്തിന് അനുഭവപ്പെടണം.

**2. പരസ്യം**

പൊതുഖജനാവിനെ ശൂന്യമാക്കുന്ന മറ്റൊരു ഐറ്റമാണ് ഭരണാധികാരികളുടെ പരസ്യങ്ങൾ. അവർ ചെയ്ത കാര്യങ്ങൾ അവർ തന്നെ കൊട്ടിഘോഷിക്കുന്നു. കോടിക്കണക്കിനു പണമാണ് ഇതിനായി ഉപയോഗിക്കുന്നത്. സോഷ്യൽമീഡിയായിലൂടെ യാതൊരു ചെലവും കൂടാതെ പരസ്യമാക്കാൻ അവസരമുള്ളപ്പോഴാണ്, കോടികൾ മുടക്കി പത്രപ്പരസ്യങ്ങളും ബാനറുകളും അവതരിപ്പിക്കുന്നത്. ഒരു കോടിയിലുള്ള നൂറു ലക്ഷം ഉപയോഗിച്ച് എത്ര പേരുടെ ജീവിതത്തിൽ സാന്ത്വനം ഏകാൻ കഴിയുമെന്ന് അധികാരത്തിന്റെ മത്തുപിടിച്ച അഹങ്കാരികൾ ചിന്തിക്കുന്നേയില്ല.

**3. പേഴ്സണൽ സ്റ്റാഫും ഉപദേശകരും**

പേഴ്സണൽ സ്റ്റാഫ് ആവശ്യമാണ്. പക്ഷേ അവരുടെ എണ്ണം നിയന്ത്രിക്കാം. പേഴ്സണൽസ്റ്റാഫായി രണ്ടു വർഷം പ്രവർത്തിച്ചാൽ പെൻഷൻ ലഭിക്കുമത്രേ. അതുകൊണ്ട് രണ്ടു വർഷം കഴിയുമ്പോൾ അവരെ മാറ്റി, പുതിയ ആളുകളെ നിയമിക്കും. അങ്ങനെ പെൻഷന് കൂടുതൽ ആളുകൾക്ക് അവസരം ലഭിക്കും. ഇതു ആളുകൾക്ക് പ്രയോജനകരമല്ലേ എന്നു തോന്നാം. പക്ഷേ ഈ പ്രയോജനം ലഭിക്കുന്നത് പൊതുജനത്തിനു പൊതുവെയല്ല പിന്നെയോ പാർട്ടിപ്രവർത്തർക്കാണ് എന്നതാണ് വസ്തുത. സ്വജനപക്ഷപാതം എന്ന ദുർഗുണമാണ് ഇവിടെ പ്രകടമാകുന്നത്. ഉപദേശകരുടെ കാര്യവും ഇപ്രകാരം തന്നെ. ഉപദേശകർ ഉപദേശിച്ച്, ഉപദേശിച്ച് രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ കീറിപ്പറിഞ്ഞ പഴയ പുതപ്പുപോലെയായി.

**4. ഉദ്ഘാടനമഹോത്സവങ്ങൾ**

പൊതുജനത്തിന്റെ പണം ഉപയോഗിച്ച് നിർമ്മിക്കുന്ന നിർമ്മിതികൾ നിർമ്മാണം പൂർത്തിയായാലും പൊതുജനത്തിന് തുറന്നുകൊടുക്കാതെ ഉദ്ഘാടനത്തിന് ഭരണാധികാരികളുടെ സൗകര്യം ഒത്തുവരുന്നതു വരെ വൈകിപ്പിക്കുന്ന ഏർപ്പാടും നമ്മുടെ നാട്ടിലുണ്ട്. അതു കഴിഞ്ഞ് ഉദ്ഘാടനം വലിയ മാമാങ്കമാക്കി മാറ്റുകയും അതിനായി ലക്ഷങ്ങൾ ദുർവ്യയം ചെയ്യുകയും ചെയ്യുന്നു.

**5. അനാവശ്യനിർമ്മിതികൾ**

പ്രതിമകൾ ഉൾപ്പെടെ നമ്മുടെ നാട്ടിൽ കോടികൾ മുടക്കി പണിയുന്ന പല നിർമ്മിതികളും പൊതുസമൂഹത്തിന് യാതൊരു ഉപകാരമില്ലാത്തതും പൊതുജനത്തിന്റെ പണം ധൂർത്തടിക്കുന്നതുമായ നടപടിയാണ്. ഭരണാധികാരികൾക്ക് ഇതുപോലെ പെരുമാറാൻ എങ്ങനെ കഴിയുന്നുവെന്നു പാവം ജനം ആശ്ചര്യപ്പെടുന്നു. അടിസ്ഥാന ആവശ്യങ്ങൾ നിറവേറപ്പെടാതെ ലക്ഷക്കണക്കിനാളുകൾ നെടുവീർപ്പിട്ട്, നട്ടം തിരിഞ്ഞു നടക്കുന്ന നാട്ടിൽ, ജീവനില്ലാത്ത പ്രതിമകൾ നിർമ്മിച്ച് നമ്മുടെ ഭരണാധികാരികൾ നമ്മുടെ പണം കൊള്ളയടിക്കുന്നു.

**6. വിദേശചികിത്സ**

വിദേശത്ത് ചികിത്സയ്ക്ക് പോകുന്ന ഏർപ്പാട് നമ്മുടെ ഏമാൻമാർക്കുണ്ട്. സ്വന്തം നാട്ടിലെ ആശുപത്രികളെയും ഡോക്ടർമാരെയും വിശ്വാസമില്ലെന്നു പ്രഖ്യാപിക്കുന്ന നടപടിയാണത്. പൊതുജനം ചികിത്സയ്ക്കായി നാട്ടിലെ ആശുപത്രികളിലേക്ക് ചെല്ലുമ്പോൾ, ഭരണാധികാരികൾ പൊതുജനത്തിന്റെ പണം ഉപയോഗിച്ച് വിദേശത്ത് ചികിത്സ തേടുന്നു. ഇതിനാണോ ഇവർ നമ്മുടെ കയ്യും കാലും പിടിച്ച് അധികാരത്തിലെത്തിയത്?

**വിളവ് തിന്നുന്ന വേലികൾ**

നമ്മുടെ നാട് നന്നാവാത്തതിന്റെ പ്രധാന കാരണക്കാർ ആരാണെന്നു മനസ്സിലാക്കാൻ ഈ കുറിപ്പുകൾ സഹായിക്കും എന്നെനിക്ക് ഉറപ്പുണ്ട്. അതുകൊണ്ട് നമ്മുടെ ഭരണാധികാരികൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. പൊതുജനത്തെ സേവിക്കും എന്ന് പ്രതിജ്ഞ എടുത്ത് അധികാരത്തിന്റെ കസേരയിൽ കയറുന്നവർ പിന്നീട് പൊതുജനത്തെ കൊള്ളയടിക്കുന്ന അവസ്ഥ സംജാതമാകുന്നു. പൊതുജനം അങ്ങനെ കഴുതകളാകുന്നു. അല്ലെങ്കിൽ പൊതുജനത്തെ കഴുതകളായി ഭരണാധികാരികൾ കാണുന്നു.

അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിലും, കിഡ്നി, ഹൃദയം എന്നിവയുടെ തകരാറുകൾ, ക്യാൻസർ എന്നിവയ്ക്കുള്ള മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിലും, ഓപ്പറേഷന് ഐറ്റം തിരിച്ച് തുക കൊടുക്കാതെ 25 ലക്ഷം, 40 ലക്ഷം എന്നിങ്ങനെ തുക പറയുന്ന ആശുപത്രിക്കാരുടെ കൊള്ള തടയുന്നതിലും ഭരണാധികാരികൾ അമ്പേ പരാജയമാണ്. അവിടെയും നഷ്ടം സഹിക്കുന്നത് പൊതുജനം തന്നെ!

ആരുടെ വോട്ടുകൊണ്ട് അധികാരത്തിലെത്തുന്നുവോ അവരെത്തന്നെ ദ്രോഹിക്കുന്ന നയവുമായി മുന്നേറുന്ന ഭരണാധികാരികൾക്ക് വെളിവുണ്ടാകട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

**(എം. വി. എസ്)**

## STATEMENT

Form IV (See Rule 8)

| | | |
|---|---|---|
| 1. Place of Publication | : | Kuttur, Real Life, Mamparampil House, Kottekad, Kuttur P.O, Thrissur - 680 013 |
| 2. Periodicity of Publication | : | Monthly |
| 3. Printer's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | Mamparampil House, Kottekad, Kuttur P.O., Thrissur, Kerala - 680 013 |
| 4. Publisher's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | same as in 3 |
| 5. Editor's Name | : | Sebastian M. V. |
| Whether Citizen of India | : | Yes |
| Address | : | same as in 3 |

I, Sebastian M. V., hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

**Sebastian M. V.**

17-03-2021 (Publisher)

## മാന്യവായനക്കാരോട്:

**നിങ്ങളുടെ പ്രതികരണങ്ങൾക്കായി ഞങ്ങൾ കാതോർക്കുന്നു. ഞങ്ങളുടെ വായനക്കാരുടെ പക്കൽനിന്നും ലഭിക്കുന്ന വരിസംഖ്യയ്ക്കും സംഭാവനകൾക്കും ഞങ്ങൾ രണ്ടാം സ്ഥാനമാണ് കൊടുക്കുന്നത്. ഒന്നാം സ്ഥാനം നിങ്ങളുടെ പക്കൽനിന്നും ഞങ്ങൾക്കു ലഭിക്കുന്ന പ്രതികരണങ്ങൾക്കാണ്. നിങ്ങളുടെ പ്രതികരണം അനുകൂലമായാലും പ്രതികൂലമായാലും അറിയിക്കുക. അവ മാസികയിൽ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം ഫോൺ: 95 44 557 557**

## J. C. Dev, Nedungadappally, Kottayam

*റിയൽ ലൈഫ് വോയ്സ്* 10-ാം വർഷത്തിലേക്ക് പ്രവേശിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷം. അഭിനന്ദനങ്ങൾ. ദൈവം തുടർന്നും ശക്തീകരിക്കട്ടെ. തൃശ്ശൂരിലെ താരപ്പേട്ടനെപ്പറ്റി വന്ന കുറിപ്പുകൾ നന്നായിരിക്കുന്നു. താരപ്പേട്ടനെപ്പറ്റിയുള്ള വിവരണങ്ങൾ കൂടുതൽ വരട്ടെ. സി. വി. താരപ്പേട്ടന്റെ ഗാനങ്ങൾ, സഭാചരിത്രം തുടങ്ങിയ ഗ്രന്ഥങ്ങൾ ഇത്യാദി കാര്യങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന ഒരു നല്ല ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത് നല്ലതാണ്. ബ്രദർ അതിനു മുൻകൈ എടുക്കണം.

അദ്ദേഹത്തിന്റെ ഗാനങ്ങൾ ആലപിക്കുന്ന സംഗീതസന്ധ്യകൾ സംഘടിപ്പിക്കണം. സംഗീതാലാപനത്തിൽ മികവു തെളിയിച്ച നിരവധി യുവതീയുവാക്കൾ ക്രിസ്തുസഭയിൽ ഉണ്ടല്ലോ. അവരെ സഹകരിപ്പിച്ചാൽ ഇക്കാര്യം സാദ്ധ്യമാക്കാവുന്നതേയുള്ളൂ. എബനേസറിലെ ജെയിംസും, ടോണി ഡി ചെവ്വൂക്കാരനും, ലിജോവർഗ്ഗീസ് പാലമറ്റവും ഇക്കാര്യത്തിൽ നിശ്ചയമായും സഹകരിക്കും. താങ്കളുടെ മാധ്യമ ശ്രമങ്ങൾക്കു എല്ലാ നന്മയും നേരുന്നു.

## Elyamma, Vaikom, Kottayam

എനിക്ക് 85 വയസ്സുണ്ട്. റിയൽ ലൈഫ് വോയ്സ് വരുന്നതും നോക്കി ഞാൻ ഇരിക്കാറുണ്ട്. കയ്യിൽ കിട്ടിയാൽ മുഴുവനായി വായിക്കുകയും ചെയ്യും. പക്ഷേ ഒക്ടോബർ മാസത്തിലെ മാസിക ലഭിച്ചതിനുശേഷം എനിക്കു മാസിക കിട്ടിയിട്ടില്ല. സി. വി. താരപ്പനെക്കുറിച്ചുള്ള ലേഖനം വളരെ താത്പര്യത്തോടെയാണ് ഞാൻ വായിച്ചിരുന്നത്. അതിന്റെ ബാക്കി വായിക്കാൻ ആഗ്രഹമുണ്ടായിരുന്നു. അതുകൊണ്ട് ഒക്ടോബർമാസത്തിനുശേഷമുള്ള മാസികകൾ എനിക്കു അയച്ചുതരുമോ? മാസികയിലെ ലേഖനങ്ങളെല്ലാം വളരെ നല്ല ലേഖനങ്ങളാണ്. ആരെയും പേടിക്കാതെ എല്ലാം തുറന്ന് എഴുതുന്നതിൽ സന്തോഷം. **(എഡിറ്റർ: എല്ലാ മാസവും മാസിക 17-ാം തീയതി കൃത്യമായി പോസ്റ്റ് ചെയ്യുന്നുണ്ട്. അത് വായനക്കാർക്ക് കിട്ടാതെ പോകുന്നത് പോസ്റ്റോഫീസിലെ ചിലരുടെ ആത്മാർത്ഥതയില്ലായ്മ നിമിത്തമാണ്. ഏതായാലും ആ മാസികകൾ എല്ലാം കൂടി സ്പീഡ് പോസ്റ്റ് ആയി വീണ്ടും അയച്ചിട്ടുണ്ട്)**

## K R Jose, Editor, Jeevadwani, Thrissur

താരപ്പേട്ടനെക്കുറിച്ചുള്ള ലേഖനപരമ്പര വളരെ നന്നാവുന്നു. അദ്ദേഹത്തെക്കുറിച്ച് ഞങ്ങൾക്കുപോലും അറിയാത്ത പല കാര്യങ്ങളാണ് ആ ലേഖനപരമ്പരയിൽ സെബാസ്റ്റ്യൻ വെളിപ്പെടുത്തുന്നത്. താങ്കൾ കാണിക്കുന്ന ഗവേഷണ താത്പര്യത്തിന് അഭിനന്ദനങ്ങൾ. “മറ്റുള്ളവർ വിവാഹം കഴിക്കുന്നതിനെ അദ്ദേഹം നിരുത്സാഹപ്പെടുത്തുകയും ചെയ്തു” എന്നു ഫെബ്രുവരി മാസത്തിലെ ലക്കത്തിൽ എഴുതിയത് ശരിയായിരിക്കാൻ സാധ്യതയില്ല. കാരണം, അദ്ദേഹത്തോടൊപ്പം നിന്ന മിക്ക സഹോദരന്മാരും വിവാഹം കഴിക്കുകയും കുടുംബജീവിതം നയിക്കുകയും ചെയ്തവരാണ്. താരപ്പേട്ടനെക്കുറിച്ച് അറിയാനായി താങ്കൾ സന്ദർശിച്ച പലരും അങ്ങനെയുള്ളവരുടെ മക്കളാണല്ലോ. **(എഡിറ്റർ: ഇക്കാര്യം ഓർമ്മിപ്പിച്ചതിനു നന്ദി. താരപ്പേട്ടൻ വിവാഹിതനല്ലാത്തതിനാലും, അദ്ദേഹത്തിന്റെ പെങ്ങൾ ഉൾപ്പെടെ പലരും വിവാഹം കഴിക്കാതിരുന്നതിനാലും, അദ്ദേഹം വിവാഹം വിലക്കുന്നവനാണ് എന്ന ആരോപണം മറ്റുള്ളവരിൽനിന്നു ഉണ്ടായതിനാലും ആണ് ഞാൻ അങ്ങനെ എഴുതിപ്പോയത്.)**

## Pr. P. D. Pathrose, Edakadathy, Pathanamthitta

ഞാൻ ചർച്ച് ഓഫ് ക്രൈസ്റ്റിലെ ഒരു പാസ്റ്ററാണ്. ഞാൻ ഒരു വീട്ടിൽ ചെന്നപ്പോൾ *റിയൽ ലൈഫ് വോയ്സ്* മാസിക കാണുവാനിടയായി. 2014 ആഗസ്റ്റ് മാസത്തിലെ മാസികയായിരുന്നു അത്. എനിക്കു അത് വളരെ നല്ലതായി തോന്നി. അതിലെ ലേഖനങ്ങൾ വളരെ പ്രയോജനകരമാണ്. അതുകൊണ്ട് ഈ മാസിക എനിക്കു തുടർന്നു അയച്ചുതരുമല്ലോ.

## റിയൽ ലൈഫ് വോയ്സ്: ലക്ഷ്യവും നയവും

**ലക്ഷ്യം** : സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനവും വചനപഠനവും.

**നയം** : ഞങ്ങൾക്ക് ശരിയെന്നു തോന്നുന്നത് ഞങ്ങൾ എഴുതുന്നു. ഞങ്ങൾക്ക് വായനക്കാരുമായുള്ള സ്നേഹബന്ധവും അടുപ്പവും മാസികയിലെ ലേഖനങ്ങളിലെ ആശയങ്ങളുമായി കൂട്ടിക്കുഴയ്ക്കരുത്. സ്നേഹബന്ധം വേറെ; ലേഖനങ്ങളിലെ ആശയങ്ങൾ വേറെ! ലേഖനങ്ങളിലെ ആശയങ്ങളോട് നിങ്ങൾക്ക് വിയോജിപ്പുണ്ടെങ്കിൽ പോലും, സ്നേഹബന്ധം നിലനിൽക്കണം. അതാണ് ഞങ്ങളുടെ ആഗ്രഹം. ദയവായി ഓർക്കുക: വായനക്കാരെല്ലാം പല ചിന്താഗതികളും ഉപദേശങ്ങളും ഉള്ളവരാണ്. അവരെയെല്ലാം തൃപ്തിപ്പെടുത്തിക്കൊണ്ട് എഴുതുന്നത് ബുദ്ധിമുട്ടാണ്. അതുകൊണ്ട് വ്യക്തമായ തെളിവുകളുടെയും ന്യായങ്ങളുടെയും അടിസ്ഥാനത്തിൽ ചില കാര്യങ്ങൾ ഈ മാസികയിൽ എഴുതുന്നു. നിങ്ങൾക്ക് അവയെ അനുകൂലിക്കുകയോ എതിർക്കുകയോ ആവാം.

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ 7

**-എംവിഎസ്-**

**സി.വി.താരപ്പൻ (1886–1958): 'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300-ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

### താരപ്പേട്ടന്റെ നാട്ടിൽ

2021 ഫെബ്രുവരി 6 ശനിയാഴ്ച. താരപ്പേട്ടന്റെ സ്വന്തം നാട്ടിലൂടെ ഒരു യാത്ര നടത്തുന്നതിനു എനിക്കു അവസരം ലഭിച്ചു. താരപ്പേട്ടന്റെ കൂടെയുണ്ടായിരുന്ന ഒരു സഹോദരന്റെ മകനായ ബ്രദർ (ഡോ) കെ. വി. സൈമൺ (പോർക്കുളം) എന്നോടൊപ്പം ഉണ്ടായിരുന്നു. പോർക്കുളത്തു നിന്ന് ആരംഭിച്ച് യെരൂശലേം, പഴഞ്ഞി, ചിറക്കൽ, പെങ്ങാമുക്ക്, മൂലേപ്പാട് എന്നിവിടങ്ങളിലൂടെയുള്ള യാത്ര...

താരപ്പേട്ടൻ താമസിച്ച വീട്, അദ്ദേഹം കൂടിവന്നിരുന്ന സഭാഹോൾ, അദ്ദേഹത്തെ അടക്കം ചെയ്ത കല്ലറ, സെമിത്തേരി എന്നിവയെല്ലാം കണ്ടു. താരപ്പേട്ടന്റെ കൂടെയുണ്ടായിരുന്ന സഹോദരന്മാരുടെ മക്കളായ നാലു പേരെ (70–82 വയസ്സു പ്രായമുള്ളവർ) സന്ദർശിച്ചു. അവരുമായി സംഭാഷണത്തിൽ മുഴുകി. അവരുടെ ഓർമ്മയിലുള്ള കാര്യങ്ങൾ അവർ ഞാനുമായി പങ്കുവച്ചു.



### താമസിച്ച വീട്

ആ പഴയവീട് ഇന്നും അവിടെ ഉണ്ട്. ഫോട്ടോയിൽ കാണുമ്പോൾ അത്യാവശ്യം വലിയ വീടാണ് എന്നു തോന്നിപ്പോകാം. എന്നാൽ പഴയ അങ്ങാടികളിൽ കാണുന്നതരം വീതി കുറഞ്ഞ വീടാണത്. ഒരു ചെറിയ വീട്. ഒറ്റമുറി വീടായിരുന്നു അത്. ഡിപ്പോ എന്ന് ആളുകൾ വിളിച്ചിരുന്നു. മുകളിലെ മുറി പിന്നീട് എടുത്തതാണ്.

### സഭാഹോൾ

സി. വി. താരപ്പൻസഹോദരൻ കൂടിവന്നിരുന്ന സഭാഹാളിന്റെ മുന്നിൽ ഞങ്ങളെത്തി. പെങ്ങാമുക്ക്-മൂലേപ്പാട് അതു സ്ഥിതിചെയ്യുന്നു. കാലപ്പഴക്കത്തെ അതിജീവിച്ച് നിൽക്കുന്ന ആ സഭാഹാളിന്റെ മുമ്പിൽ നിൽക്കുമ്പോൾ അറിയാതെ പറഞ്ഞുപോയി – താരപ്പേട്ടന്റെ സഭാഹോൾ!



ഇന്ന് ആ ഹാളിന്റെ മുന്നിൽ ഒരു പഴയ ബോർഡ് ഉണ്ട്. അതിൽ **സുവിശേഷകൂടാരം, ക്രിസ്തീയ സഭ, താരപ്പൻ മെമ്മോറിയൽ ഹാൾ** എന്ന് എഴുതിവച്ചിരിക്കുന്നു. **ദേശമേ, ദേശമേ, ദേശമേ യഹോവയുടെ വചനം കേൾക്ക (യിരമ്യാവ് 22:29)** എന്നും എഴുതിവച്ചിരിക്കുന്നു. ജീർണ്ണതയെ അഭിമുഖീകരിച്ചുകൊണ്ട് നിൽക്കുന്ന ആ ഹോളിന്റെ മുമ്പിൽ നിന്നപ്പോൾ മനസ്സിനൊരു വിങ്ങൽ അനുഭവപ്പെട്ടു. ഒരു കാലത്ത് താരപ്പേട്ടനും കൂട്ടരും പണിത ആ സഭാഹാൾ എത്രയെത്ര പ്രാർത്ഥനായോഗങ്ങൾക്ക് സാക്ഷ്യം വഹിച്ചു. പാട്ട്, പ്രാർത്ഥന, പ്രസംഗം, കാല് കഴുകൽ, വിശുദ്ധ ചുംബനം, സ്നേഹസദ്യ, തിരുവത്താഴം...

ഇന്നോ! ഇന്ന് അവിടെ ആരും കൂടിവരാനില്ല. ഒരു കാലത്ത് നിരവധി ദൈവമക്കളുടെ കൂട്ടായ്മയുടെയും സ്തോത്രസ്വരത്തിന്റെയും വേദിയായിരുന്ന ആ സഭാഹോൾ ഇന്ന് ഒരു നോക്കുകുത്തി കണക്കെ റോഡിനരികെ നിൽക്കുന്നു. അവിടെ കൂടിവരാൻ ആരുമില്ല. നാം ഇന്ന് ഏറെ സ്വപ്നം കണ്ടും പ്രാർത്ഥിച്ചും ഏറെ അദ്ധ്വാനിച്ചും പണിതുയർത്തുന്ന സംരംഭങ്ങൾ തൊട്ടടുത്ത തലമുറയെത്തുമ്പോഴേക്കും ആർക്കും വേണ്ടാത്ത സ്ഥിതിയിലെത്തുമെന്നോ! പിതാക്കന്മാർ കണ്ട സ്വപ്നങ്ങളുടെ വർണ്ണത്തിളക്കം കാണാൻ തൊട്ടടുത്ത തലമുറയിൽ അധികമാരുമില്ലാത്ത സ്ഥിതി വരുമെന്നോ!

### കല്ലറ

താരപ്പേട്ടന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്ന സെമിത്തേരിയിലേക്കാണ് ഞങ്ങൾ തുടർന്നു പോയത്. എന്റെ കൂടെയുള്ള ബ്രദർ സൈമൺ പറഞ്ഞു: “എന്റെ പിതാവാണ് ഈ കല്ലറ കെട്ടിയത്.” വെട്ടുകല്ല് കൊണ്ട് 1958 ൽ പണിത കല്ലറ അല്പസ്വൽപം പൊട്ടിപ്പൊളിഞ്ഞ നിലയിലാണെങ്കിലും ഇന്നും അവിടെയുണ്ട്.



താരപ്പേട്ടന്റെ കല്ലറ തെക്ക്-വടക്ക് ആണ് സ്ഥിതി ചെയ്യുന്നത്. ശവം കിഴക്ക് – പടിഞ്ഞാറായി അടക്കം ചെയ്യണം എന്നതാണ് പൊതുവെയുള്ള ചിന്താഗതി. ശവക്കുഴിയിൽ കിടക്കുമ്പോഴും കിഴക്കോട്ട് നോക്കി കിടക്കണം എന്നതാണ് പൊതുവെയുള്ള നാട്ടുനടപ്പ്. അതുകൊണ്ട് ഒട്ടു മിക്കവരുടെയും സെമിത്തേരിയിൽ ശവം കിഴക്ക് – പടിഞ്ഞാറാണ് അടക്കം ചെയ്യുന്നത്. മാന്യവായനക്കാർ ഒന്നു ഓർത്തുനോക്കൂ: നിങ്ങളുടെ സഭയുടെ സെമിത്തേരിയിൽ എങ്ങനെയാണ്? പണിതിരിക്കുന്ന സെല്ലുകളെല്ലാം കിഴക്ക് – പടിഞ്ഞാറ് തന്നെയല്ലേ? അങ്ങനെയേ വരാൻ സാധ്യതയുള്ളൂ. നിലവിലുള്ള മാമൂലുകളെ വെല്ലുവിളിക്കാനുള്ള ആർജ്ജവം അധികമാരും കാണിക്കാറില്ല.

പക്ഷേ താരപ്പേട്ടൻ പോരാളിയായിരുന്നു. വിപ്ലവകാരിയായിരുന്നു. ശവങ്ങൾ കിഴക്ക് – പടിഞ്ഞാറ് വയ്ക്കണം എന്ന മാമൂലിനെ വെല്ലുവിളിച്ച് അദ്ദേഹത്തിന്റെ സെമിത്തേരിയിൽ എല്ലാ ശവങ്ങളും തെക്ക് – വടക്ക് അടക്കം ചെയ്യണം എന്നു അദ്ദേഹം പറഞ്ഞു. അതനുസരിച്ച്, തന്റെ ജീവിതകാലത്ത് അടക്കം ചെയ്തിട്ടുള്ള വിശുദ്ധന്മാരുടെ ശരീരങ്ങളെല്ലാം തെക്കു – വടക്ക് ആണ് വച്ചത്. അന്ധവിശ്വാസങ്ങളെ വെല്ലുവിളിച്ച ആ ധീരപോരാളിക്ക് മരണാനന്തരബഹുമതിയായി ഈ എളിയവന്റെ ഒരു ബിഗ് സല്യൂട്ട്. അക്കാലത്ത് കാണിച്ച തന്റേടം ശ്ലാഘനീയം തന്നെ!

**പക തീർത്ത പിശാച്**

താരപ്പേട്ടൻ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഭൗതികശരീരവും തെക്ക് –വടക്ക് തന്നെ അടക്കം ചെയ്തു. സെമിത്തേരിയിലെ കല്ലറകളെല്ലാം തെക്ക് – വടക്ക് സ്ഥിതി ചെയ്യുന്നു! സമൂഹത്തിലേക്ക് അന്ധവിശ്വാസങ്ങളെ കടത്തിവിടുന്ന പിശാചിന് ഇത് ഒട്ടും സഹിച്ചില്ല എന്നു വേണം കരുതാൻ. താരപ്പേട്ടന്റെ കല്ലറയുടെ തൊട്ടടുത്ത് രണ്ടു പുതിയ കല്ലറകൾ ഉയർന്നു. കിഴക്ക് – പടിഞ്ഞാറ്! താരപ്പനോടൊപ്പം നിന്നിരുന്ന ചിലരുടെ അടുത്ത തലമുറയ്ക്ക് താരപ്പനുള്ള ദർശനം ഇല്ലാതെ പോയി. താരപ്പേട്ടന്റെ കല്ലറയുടെ ഏകദേശം അടുത്തു തന്നെ ഇക്കാലത്ത് കിഴക്ക് – പടിഞ്ഞാറായി രണ്ടു കല്ലറകൾ താരപ്പനെ വെല്ലുവിളിക്കും



വിധം ഉയർന്നത് അപ്രകാരമായിരിക്കണം. സി. വി. താരപ്പന്റെ സെമിത്തേരിയിൽ അദ്ദേഹത്തിന്റെ ആശയങ്ങളെ വെല്ലുവിളിച്ചാലെന്നപോലെ ശവം അടക്കിയവർക്ക് അതുകൊണ്ട് ലഭിച്ച 'പുണ്യം' എന്താണാവോ!

**അഭിമുഖങ്ങൾ**

താരപ്പേട്ടനോടൊപ്പം അവസാനം വരെ നിലനിന്ന വ്യക്തിയാണ് കെ. ഒ. ചേറു. അദ്ദേഹത്തിന്റെ രണ്ടു മക്കളായ ഇറ്റ്യാനം (കുഞ്ഞുമോൾ – 82 വയസ്സ്), കൊച്ചുക്രു (74 വയസ്സ്) എന്നിവരുമായി നേരിട്ടു കൂടിക്കാഴ്ച നടത്താൻ എനിക്കു അവസരം ലഭിച്ചത് ഒരു ഭാഗ്യം തന്നെയായിരുന്നു. അവർ പലതും ഓർത്തെടുത്തു, ഞാനുമായി പങ്കുവച്ചു. അവരുടെ കുഞ്ഞുനാളിലെ താരപ്പനോടൊപ്പമുള്ള അനുഭവങ്ങൾ, സഭായോഗത്തിലെ കാര്യങ്ങൾ, അവരുടെ പിതാവിൽനിന്നും കേട്ടിട്ടുള്ള കാര്യങ്ങൾ... എല്ലാം വളരെ വികാരഭരിതനായിട്ടാണ് ഞാൻ കേട്ടിരുന്നത്.

ശാരീരികമായി തീരെ മെലിഞ്ഞവനെങ്കിലും, കൃപയാൽ നട്ടെല്ല് നിവർത്തിപ്പിടിച്ചും തല ഉയർത്തിപ്പിടിച്ചും നടന്നിരുന്ന സി. വി. താരപ്പൻ എന്ന പോരാളി മനസ്സിൽ കൊണ്ടുനടന്നിരുന്ന സ്വപ്നങ്ങളുടെ ഭംഗിയും മാഹാത്മ്യവും മനസ്സിലാക്കാൻ ഒരു തലമുറ കഴിയുമ്പോഴേക്കും ആളുകൾ ഇല്ലാതെപോയല്ലോ എന്നോർത്തപ്പോൾ വല്ലാത്തൊരു നീറ്റൽ മനസ്സിന്റെ ഉള്ളറകളിൽ അനുഭവപ്പെട്ടു.

കുറച്ചു ദിവസത്തേക്ക് ഇതൊരു കനലായി എന്റെ മനസ്സിൽ നീറിപ്പുകഞ്ഞു. പിന്നെ ദൈവം ചില ചിന്തകൾ എന്റെ മനസ്സിൽ തന്നു, എന്നെ ആശ്വസിപ്പിച്ചു. നമ്മുടെ തലമുറയിൽ നാം അറിഞ്ഞ വചനസത്യങ്ങൾക്കായി ശക്തമായി നിലകൊള്ളുക, അടുത്ത തലമുറയ്ക്കായി പ്രാർത്ഥിക്കുക. ബാക്കിയെല്ലാം ദൈവം നോക്കിക്കൊള്ളട്ടെ എന്നു ഞാൻ സമാധാനിച്ചു. പലതും നമ്മോടുകൂടി അവസാനിക്കും. എന്റെ ഈ മാസിക തന്നെ നോക്കൂ. അതും എന്നോടുകൂടി അവസാനിക്കുമായിരിക്കും. അവസാനിക്കട്ടെ. നമുക്കു വിശ്വസ്തരാകാം. ദൈവം ഏല്പിച്ച ജോലി ചെയ്യാം. അടുത്ത തലമുറ അത് ഏറ്റുപിടിക്കുമോ, പിന്തുടരുമോ എന്നൊന്നും നാം ഭാരപ്പെടേണ്ടതില്ല.

കഴിഞ്ഞ തലമുറയിലെ പിതാക്കന്മാരുടെ മക്കൾ ഇന്ന് എത്ര പേർ വിശ്വാസത്തിലുണ്ട്? പട ചേർത്തവനെ പ്രസാദിപ്പിക്കാൻ വേണ്ടി സർവ്വവും ത്യജിച്ച് സുവിശേഷവയലിൽ അദ്ധ്വാനിക്കുകയും ദുരുപദേശങ്ങളുമായി ഏറ്റുമുട്ടുകയും ചെയ്ത പിതാക്കന്മാരുടെ മക്കൾ പലരും ആ പാതയിൽനിന്നും വ്യതിചലിച്ച് പോവുകയും പിശാചിന്റെ കയ്യിലെ ഉപകരണങ്ങളായി മാറുകയും ചെയ്തില്ലേ? **(തുടരും)**

# സഭാനവീകരണം - ചരിത്രപശ്ചാത്തലം

4

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

16-ാം നൂറ്റാണ്ടിൽ ശക്തി പ്രാപിക്കുകയും അതിനുശേഷം ഒട്ടു മിക്ക യൂറോപ്പ്യൻ രാജ്യങ്ങളിലും വിപ്ലവാത്മകമായ പല പരിവർത്തനങ്ങൾക്കും കാരണമായിത്തീരുകയും ചെയ്ത, മാനവസംസ്കാരചരിത്രത്തിലെ മഹൽസംഭവത്തിനാണ് സഭാനവീകരണം എന്നു ചരിത്രകാരന്മാർ പേരു നൽകിയിരിക്കുന്നത്. ലോകചരിത്രത്തെ ഇത്രയധികം സ്വാധീനിച്ച വേറെ യാതൊരു സംഭവവും ഇല്ലെന്നതാണ് സത്യം. ഇതിന്റെ കാര്യകാരണങ്ങൾ വസ്തുനിഷ്ഠമായി നാം മനസ്സിലാക്കേണ്ടത് വളരെ ആവശ്യമാണ്.

**കേട്ടുകേൾവി/നുണപ്രചാരണം**

ഞാൻ ഒരു വിദ്യാർത്ഥി ആയിരുന്ന കാലത്ത് സഭാനവീകരണത്തെപ്പറ്റി കേട്ട ഒരു വിവരണം ഇവിടെ പ്രസ്താവിക്കട്ടെ: അന്ന് (1961 ൽ) ചരിത്രം പഠിപ്പിച്ച അദ്ധ്യാപകൻ ലോകചരിത്രത്തിലെ സുപ്രധാന സംഭവങ്ങളെക്കുറിച്ച് ക്ലാസ്സിൽ വിവരിച്ചുകൊണ്ടിരുന്ന വേളയിൽ ഇപ്രകാരം പറഞ്ഞു, "സഭാനവീകരണം ആരംഭിക്കാൻ കാരണമായത് ഇംഗ്ലണ്ടിൽ രാജാവായിരുന്ന ഹെൻറി എട്ടാമനും അന്നത്തെ മാർപ്പാപ്പയും തമ്മിൽ ഉണ്ടായ അഭിപ്രായ വ്യത്യാസമായിരുന്നു. ഈ രാജാവ് തന്റെ രാജ്ഞി ആയിരുന്ന കാതറൈനിനെ ഉപേക്ഷിച്ചിട്ട് ആനി ബൊളിൻ (Anne Boleyn) എന്ന പ്രഭുകുമാരിയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചു. മാർപ്പാപ്പ ഇതിനു അനുവദിക്കണമെന്നു അദ്ദേഹം അപേക്ഷിച്ചെങ്കിലും മാർപ്പാപ്പ വഴങ്ങിയില്ല.

തുടർന്ന് രാജാവ് മാർപ്പാപ്പയ്ക്ക് ഇംഗ്ലണ്ടിലെ സഭയ്ക്കുമേൽ യാതൊരു അധികാരവും ഇല്ലെന്നു പ്രഖ്യാപിച്ചു. ഇംഗ്ലണ്ടിലെ സഭ അതിനുശേഷം ഒരു സ്വതന്ത്ര പ്രൊട്ടസ്റ്റന്റ് സഭയായി അറിയപ്പെടാൻ തുടങ്ങി. ക്രൈസ്തവ സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന മാർപ്പാപ്പയോട് ഇംഗ്ലണ്ടിലെ രാജാവിനുണ്ടായ അഭിപ്രായവ്യത്യാസം ഇപ്രകാരം സഭ രണ്ടായി പിളരുന്നതിനും മാർപ്പാപ്പയെ എതിർക്കുന്നവരുടെ സഭ എന്ന ആശയം ഉൾക്കൊള്ളുന്ന പ്രൊട്ടസ്റ്റന്റു സഭ രൂപം കൊള്ളുന്നതിനും ഇടയായി.

ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റന്റു സഭ ആംഗ്ലിക്കൻസഭ എന്ന പേരിൽ അറിയപ്പെട്ടപ്പോൾ മറ്റു രാജ്യങ്ങളിൽ പലപല കാരണങ്ങളാൽ മാർപ്പാപ്പയോട് അഭിപ്രായവ്യത്യാസം തോന്നിയവർ അവരവരുടേതായ പ്രൊട്ടസ്റ്റന്റുസഭകൾക്ക്

രൂപം നൽകി. ഇങ്ങനെ മാർപ്പാപ്പയോട് അഭിപ്രായവ്യത്യാസം തോന്നിയ ആളുകൾ ഒരുമിച്ചുചേർന്ന് 16-ാം നൂറ്റാണ്ടിൽ രൂപം കൊടുത്ത വിപ്ലവപ്രസ്ഥാനത്തിനാണ് സഭാനവീകരണം എന്നു പറയുന്നത്."

ഇതേ വിവരണം അല്ലെങ്കിൽ ഏറെക്കുറെ ഇതിനു സമാനമായ ആശയങ്ങൾ പ്രകടമാക്കുന്ന മറ്റേതെങ്കിലും വിവരണമാണ് റോമൻകത്തോലിക്കാ വിശ്വാസങ്ങൾ മുറുകെപ്പിടിക്കുന്ന ചരിത്രകാരന്മാരുടെ പുസ്തകങ്ങൾ നമുക്കു നൽകുന്നത്. എന്നാൽ യഥാർത്ഥ വസ്തുതകളെ മറച്ചുപിടിക്കുന്ന വിവരണങ്ങളാണ് ഇവയെല്ലാം.

**വാസ്തവത്തിൽ സംഭവിച്ചത്**

**(1) ജോൺവിക്ലിഫിന്റെ സഭാനവീകരണം**

മാർപ്പാപ്പയ്ക്ക് ഇംഗ്ലണ്ടിലെ സഭയ്ക്കുമേൽ അധികാരമില്ലെന്നു 16-ാം നൂറ്റാണ്ടിൽ ഹെൻറി എട്ടാമൻ പ്രഖ്യാപിക്കുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ സഭാനവീകരണത്തിന്റെ ദീപം ഇംഗ്ലണ്ടിൽ തെളിക്കപ്പെട്ടിരുന്നു എന്നതാണ് യഥാർത്ഥ വസ്തുത. സഭാചരിത്രത്തിൽ The Morning Star of the Reformation എന്ന അപരനാമത്തിൽ വിശേഷിക്കപ്പെടുന്ന മഹാപണ്ഡിതനും പ്രസംഗകനും ഗ്രന്ഥരചയിതാവും ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനുമായിരുന്ന ജോൺ വിക്ലിഫ് (1329-1384) മുഖാന്തരമായിരുന്നു ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഈ കൃത്യം നിർവ്വഹിച്ചത്.

ബൈബിളിന്റെ മൂലഭാഷകളിലും സഭാചരിത്രത്തിലും റോമാസാമ്രാജ്യത്തിന്റെ ചരിത്രത്തിലുമെല്ലാം അഗാധമായ അറിവു നേടിയിരുന്ന ജോൺ വിക്ലിഫ് ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവസഭയ്ക്ക് നാലാംനൂറ്റാണ്ടിൽ എന്തു സംഭവിച്ചുവെന്നും കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മതപരിവർത്തനത്തെത്തുടർന്ന് സഭയ്ക്ക് എന്താണ് വാസ്തവത്തിൽ സംഭവിച്ചതെന്നും വിശദമായി മനസ്സിലാക്കിയിരുന്നു. യൂറോപ്പിലെ വിവിധ രാജ്യങ്ങളിൽനിന്ന് ഓക്സ്ഫോർഡിൽ വന്ന് പഠനം നടത്തിക്കൊണ്ടിരുന്ന വിദ്യാർത്ഥികളിൽ പലരെയും താൻ മനസ്സിലാക്കിയ ദൈവവചനസത്യങ്ങളും ചരിത്രസത്യങ്ങളും അദ്ദേഹം പഠിപ്പിച്ചു.

നാലാം നൂറ്റാണ്ടിന്റെ ആരംഭം വരെ ദൈവവചനത്തിലെ പ്രധാന സത്യങ്ങൾക്കു കോട്ടം തട്ടാതെ അവയെ കാത്തുസൂക്ഷിച്ച സഭ റോമൻ വിജാതീയമതത്തിന്റെ സ്വാധീനത്താൽ നാലാം നൂറ്റാണ്ടിനുശേഷം അവ ഒന്നൊന്നായി ഉപേക്ഷിച്ചുവെന്നും വിജാതീയമതത്തിലെ ആശയങ്ങളും ആചാരാനുഷ്ഠാനങ്ങളും നാലാം നൂറ്റാണ്ടിനുശേഷം ഒന്നൊന്നായി സഭ സ്വീകരിക്കാനിടയായി എന്നും വിക്ലിഫ് പഠിപ്പിച്ച വിദ്യാർത്ഥികൾ മനസ്സിലാക്കി. യേശുക്രിസ്തു ഭൂമിയിൽ സ്ഥാപിച്ച സഭയിൽ മാർപ്പാപ്പ എന്നൊരു അധി

കാരസ്ഥാനം ഇല്ലെന്നു വിക്ലിഫിൽനിന്നും മനസ്സിലാക്കിയ ഈ വിദ്യാർത്ഥികൾ, മാർപ്പാപ്പയുടെ ഭരണത്തിൻ കീഴിലിരിക്കുന്ന സഭ യഥാർത്ഥ ക്രൈസ്തവസഭയല്ലെന്നു അവരവരുടെ രാജ്യങ്ങളിൽ പ്രചരിപ്പിച്ചു.

**(2) ജോൺവിക്ലിഫിന്റെ അസ്ഥികളോട് പരാക്രമം**

സഭയിൽനിന്നു അപ്രത്യക്ഷമായ യഥാർത്ഥ ക്രിസ്തീയോപദേശങ്ങൾ കണ്ടെത്തി അവയ്ക്കു വീണ്ടും സഭയിൽ സ്ഥാനം നൽകേണ്ടതാണ് എന്ന ചിന്താഗതി 15-ാം നൂറ്റാണ്ടിൽ ഇപ്രകാരം ശക്തി പ്രാപിച്ചു. ഇതിന്റെ കാരണക്കാരിൽ പ്രധാനിയായ ആൾ 1384 ൽ മരിച്ചുമൺമറഞ്ഞ ജോൺവിക്ലിഫ് ആണെന്നു കണ്ടെത്തിയ അന്നത്തെ സഭാഭരണാധികാരികൾക്ക് അദ്ദേഹത്തോടു തോന്നിയ കോപം അടക്കാനായില്ല. അവർ അദ്ദേഹത്തിന്റെ കല്ലറ പൊളിച്ചു അസ്ഥികളെടുത്തു ചുട്ടുചാമ്പലാക്കി സ്വിഫ്റ്റ് (Swift) നദിയിലൊഴുക്കി തങ്ങളുടെ കോപത്തിനു ശമനം വരുത്തി. പക്ഷേ മാർപ്പാപ്പയുടെ കീഴിലുള്ളത് യഥാർത്ഥ ക്രൈസ്തവസഭയല്ല എന്ന ആശയത്തിന്റെ വ്യാപനം ഭീഷണികളും പീഡനങ്ങളും കൊണ്ട് തടഞ്ഞുനിർത്താൻ ഔദ്യോഗികസഭയ്ക്കു സാധിച്ചില്ല.

**(3) രക്തസാക്ഷികളും മാർട്ടിൻലൂഥറും**

ബൊഹീമിയായിലെ ജോൺഹസ്സ്, പ്രാഗിലെ ജെറോം, ഇറ്റലിയിലെ സാവനാറോളാ, ഇംഗ്ലണ്ടിലെ ലാറ്റിമർ, റിഡ്‌ലി തുടങ്ങിയവർ സഭയിൽ സത്യം പുനസ്ഥാപിക്കുന്നതിനുവേണ്ടി ജീവൻ ബലിയർപ്പിച്ച രക്തസാക്ഷികളിൽ ചിലർ മാത്രമാണ്. അവരുടെ ശരീരങ്ങൾ അഗ്നികുണ്ഡങ്ങളിൽ വിറകിനോടൊപ്പം എരിഞ്ഞമർന്നപ്പോൾ അവരുടെ രാജ്യങ്ങളിലെ അനേകായിരം ജനങ്ങൾ സത്യേന്വേഷണ തത്പരരായിത്തീർന്നുവെന്നതാണ് യഥാർത്ഥ വസ്തുത.

അച്ചടിയന്ത്രം കണ്ടുപിടിക്കപ്പെട്ടതോടുകൂടി ബൈബിൾ പ്രാദേശികഭാഷകളിലേക്ക് തർജ്ജമ ചെയ്ത് പ്രചരിപ്പിക്കാനും വിക്ലിഫിന്റെയും ജോൺഹസ്സിന്റെയും മറ്റും ആശയങ്ങൾ ധാരാളമായി ആളുകൾ മനസ്സിലാക്കാനും ഇടവന്നു. ഇങ്ങനെയുള്ളവരുടെ എണ്ണം ദൈനംദിനം വർദ്ധിച്ചുകൊണ്ടിരുന്നു. ഇതിന്റെ ഫലമായിട്ടാണ് 1521 ഏപ്രിൽ 18-ാം തീയതി മാർട്ടിൻ ലൂഥർ തന്റെ വിസ്താരവേളയിൽ മാർപ്പാപ്പയുടെ അപ്രമാദിത്വത്തെ തള്ളിപ്പറഞ്ഞത്. അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനം നവീകരണാഗ്നി ആളിക്കത്തുവാൻ ഇടവരുത്തി.

**(4) ഹെൻറി എട്ടാമന്റെ രണ്ടാംവിവാഹം**

ജോൺവിക്ലിഫിന്റെ ആശയങ്ങൾ നിമിത്തം മാർപ്പാപ്പയുടെ കീഴിലുള്ള സഭ യഥാർത്ഥത്തിലുള്ള സഭയല്ല എന്നു നേരത്തെ മനസ്സിലാക്കിയിട്ടുള്ള

ഇംഗ്ലണ്ടിലെ ആളുകൾ, ലൂഥറിന്റെ പ്രഖ്യാപനത്തെക്കുറിച്ചു അറിവു ലഭിച്ചപ്പോൾ അത് സ്വാഗതം ചെയ്യുകയും അതിൻപ്രകാരം പ്രവർത്തിക്കുന്നതിനു എങ്ങനെ സാധിക്കുമെന്ന് ആകാംക്ഷയോടെ ചിന്തിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അങ്ങനെ ഇരിക്കുമ്പോഴാണ് ഏതാനും വർഷങ്ങൾക്കുശേഷം 1533 ൽ അവരുടെ രാജാവായിരുന്ന ഹെൻറി എട്ടാമൻ അദ്ദേഹത്തിന്റെ രാജ്ഞിയിൽനിന്ന് ആൺകുട്ടി ജനിച്ചില്ല എന്ന കാരണത്താൽ അവരെ ഉപേക്ഷിച്ചിട്ട് ആനി ബൊളിൻ എന്ന സ്ത്രീയെ വിവാഹം ചെയ്യാൻ തീരുമാനിക്കുകയും അതു സാധ്യമാക്കേണ്ടതിനായി ഇംഗ്ലണ്ടിലെ സഭയുടെ മേൽ മാർപ്പാപ്പയ്ക്ക് അധികാരമില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്തത്.

**(5) ഭയം വെടിഞ്ഞ് മുന്നോട്ട്**

മാർപ്പാപ്പയെ ഭയപ്പെട്ട് സഭാനവീകരണം സംബന്ധിച്ച ആശയങ്ങൾ പ്രചരിപ്പിക്കാൻ ധൈര്യപ്പെടാതിരുന്ന അനേകർക്ക് ഭയം വെടിഞ്ഞു മുന്നോട്ടു വരാനും നവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഈ പ്രഖ്യാപനം ഇടയാക്കി. രാജാവിനെക്കൊണ്ട് അറസ്റ്റ് ചെയ്യിച്ചിട്ട് തീയിലിട്ട് കൊന്നുകളയും എന്ന ഭയം കൂടാതെ നവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അനേകർക്ക് ഹെൻറി എട്ടാമനും മാർപ്പാപ്പയും മൂലമുണ്ടായ തർക്കം മൂലം അവസരം ലഭിച്ചു എന്നത് സത്യമാണ്.

എന്നാൽ ഈ രാജാവ് സഭാനവീകരണം ആരംഭിച്ച ആളായിരുന്നുവെന്നും അദ്ദേഹം ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യാൻ വേണ്ടി സഭയിൽ വിപ്ലവം ഉണ്ടാക്കിയെന്നും അതിനു സഭാനവീകരണം എന്നു പറയുന്നുവെന്നും മറ്റുമുള്ള പ്രചാരണങ്ങൾ തികച്ചും അസത്യങ്ങളാണ്. ഇത്തരം പ്രചാരണങ്ങളിൽ വഞ്ചിതരായ ആളുകളെ സത്യം ഗ്രഹിപ്പിക്കുവാൻ നാം പരിശ്രമിക്കേണ്ടതാണ്.

**ഇന്നത്തെ പ്രസക്തി**

സഭയുടെ വിശ്വാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയുമെല്ലാം അടിസ്ഥാനം ദൈവവചനം ആയിരിക്കണം എന്ന തത്ത്വമാണ് 16–ാം നൂറ്റാണ്ടിൽ സഭാനവീകരണത്തിനായി യത്നിച്ചവർ മുറുകെ പിടിച്ചത്. ആ തത്ത്വം എക്കാലത്തും ക്രിസ്തീയ വിശ്വാസികൾ മുറുകെ പിടിക്കേണ്ടതാണ്. ബെരോവയിലുണ്ടായിരുന്ന ആളുകളെപ്പോലെ (അപ്പൊ. 17:11) നാം കേൾക്കുന്ന കാര്യങ്ങൾ വചനപ്രകാരം ശരി തന്നെയോ എന്നു സൂക്ഷ്മമായി പരിശോധിച്ചു വിലയിരുത്താനും തെറ്റായ ആശയങ്ങളെ തിരസ്കരിക്കാനും നാം തയ്യാറാകുന്നെങ്കിൽ മാത്രമേ സഭാനവീകരണം എന്ന മഹത്സംഭവത്തെ ശരി വയ്ക്കുന്ന അനുഭവം നമ്മിൽ ഉണ്ടാവുകയുള്ളൂ. ❍

# 15 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

### മൂന്നാം ഭാഗം: മൃഗങ്ങൾ

**2. പാമ്പ്** (മത്തായി 3:7)

പുതിയനിയമത്തിന്റെ ക്രമമായുള്ള വായനയിൽ, ഒട്ടകം കഴിഞ്ഞാൽ നാം പിന്നെ കാണുന്നത് പാമ്പ് (സർപ്പം) എന്ന ഇഴജന്തുവിനെയാണ്. ഭാരതീയ സങ്കല്പപ്രകാരം, പാമ്പ് ചിലർക്ക് ഒരു വിശുദ്ധജീവിയാണ്. എന്നാൽ വേദപുസ്തകപ്രകാരം പാമ്പ് തിന്മയുടെ പ്രതീകവും (മത്തായി 12:34), പിശാചിന്റെ പര്യായപദവുമാണ് (വെളിപ്പാട് 12:9). പാമ്പിന്റെ സ്വഭാവം വച്ചു നോക്കുമ്പോഴും ഇതു വളരെ ശരിയാണെന്നു കാണാം. പാമ്പിന്റെ കടിയേറ്റു ഒരാൾ മരിച്ചാലും ബാക്കിയുള്ളവർ പാമ്പിനെ ഒരു പൂജാബിംബമായിത്ത ന്നെ പരിഗണിച്ചുപോരുന്നു! പിശാചിന്റെ പര്യായപദമായി പാമ്പിനെ ബൈബിൾ അവതരിപ്പിച്ചപ്പോൾ, അതേ പാമ്പിനെ ഒരു ആരാധനാമൂർത്തിയായി പലരെയും കൊണ്ട് അംഗീകരിപ്പിച്ച് പിശാച് നടത്തിയ തന്ത്രപരമായ പകപോക്കൽ കണ്ട് നാം മൂക്കത്ത് വിരൽ വച്ചുപോവുക സ്വാഭാവികം മാത്രം.

**പാമ്പും മക്കളും:** പരീശന്മാരെയും സദൂക്യരെയും കണ്ടപ്പോൾ 'സർപ്പസന്തതികളേ' എന്നാണ് യോഹന്നാൻസ്നാപകൻ വിളിച്ചത്. സ്നാനപ്പെടാൻ വന്നവരെ 'പാമ്പിന്റെ മക്കളേ' എന്നു വിളിച്ചാൽ, അവർ സ്നാനപ്പെടില്ലെന്നു മാത്രമല്ല, അങ്ങനെ വിളിച്ചവന്റെ നേരെ തട്ടിക്കയറിയെന്നും വരും. ഇവിടെ യോഹന്നാൻസ്നാപകൻ വിളിച്ചത്, 'അണലിയുടെ തലമുറകളേ' എന്നാണ് (generation of vipers). തലമുറകളായി പിശാചിന്റെ ഇഷ്ടം നിറവേറ്റി വരുന്നവർ എന്നാണ് അദ്ദേഹം ഉദ്ദേശിച്ചത്. നമ്മുടെ ചുറ്റുമൊന്നു കണ്ണോടിച്ചാൽ, ഇത്തരത്തിലുള്ള സർപ്പസന്തതികളെ കാണുവാൻ കഴിയില്ലേ? കഴിഞ്ഞ കുറെ വർഷങ്ങളായി പിശാചെന്ന പഴയപാമ്പിന്റെ (വെളിപ്പാട് 12:9) അടിയാളന്മാരായി ജീവിച്ചുപോരുന്ന കുറെ പേർ!

ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെക്കൊണ്ടാണ് യേശു അത്ഭുതം പ്രവർത്തിക്കുന്നത് എന്നു ആരോപിച്ചവരോട്, "സർപ്പസന്തതികളേ, നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലതു സംസാരിപ്പാൻ എങ്ങനെ കഴിയും"

എന്നാണ് യേശു ചോദിച്ചത് (മത്തായി 12:34). നല്ലത് സംസാരിക്കുവാൻ കഴിയാത്തവരും നല്ലത് പ്രവർത്തിക്കുവാൻ കഴിയാത്തവരും സർപ്പസന്തതികളാണ്. ദൈവമക്കൾ എന്ന ലേബലിൽ അറിയപ്പെടുന്നവരുടെ കൂട്ടത്തിലും ഇത്തരം ആളുകളുണ്ട്. വായിൽനിന്നും നല്ല വാചകങ്ങളോ അഭിപ്രായങ്ങളോ വരികയില്ല; സഭയ്ക്ക് ഗുണകരമായ യാതൊരു പ്രവൃത്തിയും അവരുടെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. എന്നാലോ, ദൈവപൈതലാണെന്ന പേരും! ദൈവസന്തതികൾ സർപ്പസന്തതികളെപ്പോലെ പെരുമാറുകയോ?!

കപടഭക്തിക്കാരായ ശാസ്ത്രിമാരോടും പരീശന്മാരോടും യേശു പറഞ്ഞത് ഇപ്രകാരമാണ്: “പാമ്പുകളേ, സർപ്പസന്തതികളേ, നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞുപോകും?” (മത്തായി 23:33). പാമ്പും പാമ്പിന്റെ മക്കളും ഉഗ്രമായ വിഷം ചൊരിഞ്ഞ് ഈ ലോകത്തിൽ പത്തി വിടർത്തിയാടുമ്പോൾ, ദൈവജനമെന്ന ലേബലും ധരിച്ച് ചിലരും കൂടെ അക്കൂട്ടത്തിൽ ചേർന്നു ആടുന്നത് പിശാചിന്റെ വിജയവും ദൈവജനത്തിന്റെ പരാജയവുമാണ്. സഭാഹാളുകൾ പൂട്ടിക്കിടക്കുന്നതും, യൂദാ കെട്ടിഞാന്നു ചത്ത കയറിനെച്ചൊല്ലിയുള്ള തർക്കങ്ങളും, വസ്ത്രധാരണത്തിലെ ലോകമയത്വവും, ശുശ്രൂഷകളിൽ കയറിക്കൂടിയിട്ടുള്ള, ലോകത്തിൽ നിന്നും കടമെടുത്ത അനാവശ്യ ചടങ്ങുകളുമെല്ലാം ഒരുമിച്ചുള്ള ഈ ആട്ടത്തിന്റെ ഫലമാണ്. പാമ്പുമായും പാമ്പിന്റെ സന്തതികളുമായുമുള്ള ചങ്ങാത്തം നമുക്കില്ലാതെ നാം സൂക്ഷിക്കണം.

ആലങ്കാരികമായി പറഞ്ഞാൽ, പാമ്പിനെ പിടിച്ചെടുക്കേണ്ടവരാണ് നാം (മർക്കൊസ് 16:18); പാമ്പുകളെ ചവിട്ടിത്തേയ്ക്കേണ്ടവരാണ് നാം (ലൂക്കൊസ് 10:19); പാമ്പിനെ കുടഞ്ഞെറിയേണ്ടവരാണ് നാം (അപ്പൊ.പ്രവൃ.28:3–5). ഉപായത്താൽ ഹവ്വയെയും തുടർന്നു മറ്റുള്ളവരെയും ചതിച്ചവനാണ് പാമ്പ് (2 കൊരിന്ത്യർ 11:3). ആ പാമ്പിനെ പ്രസാദിപ്പിക്കാൻ നോക്കേണ്ട ആവശ്യം നമുക്കില്ല. ആ പാമ്പിന്റെ മക്കളോടു കൂട്ടുചേർന്ന് ദൈവസഭയെ നശിപ്പിക്കേണ്ട കാര്യവും നമുക്കില്ല. ദൈവമക്കളുടെ കൂട്ടത്തിലുള്ള മദ്യപാനികളും വ്യഭിചാരികളും നുണയന്മാരുമെല്ലാം വാസ്തവത്തിൽ പാമ്പിന്റെ ഹിതം നിറവേറ്റുന്നവരല്ലേ?

**പാമ്പും ബുദ്ധിയും:** “ചെന്നായ്ക്കളുടെ നടുവിൽ ആടിനെപ്പോലെ ഞാൻ നിങ്ങളെ അയക്കുന്നു. ആകയാൽ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിപ്പിൻ” എന്നു കർത്താവ് പറഞ്ഞു (മത്തായി 10:16). വേദപുസ്തകം നോക്കിയാലും ഡിസ്കവറി ചാനൽ നോക്കിയാലും പാമ്പിന്റെ ബുദ്ധി നമുക്കു ബോദ്ധ്യപ്പെടും. ഹവ്വയെ ഒറ്റയ്ക്കുള്ളപ്പോൾ അവളെ സമീപിച്ചതും, അവളോടു വളരെ കൗശ

ലത്തോടെ സംസാരിച്ചതും, അവളെ സമ്മതിപ്പിച്ചതും എല്ലാം പാമ്പിന്റെ ബുദ്ധിയെ കാണിക്കുന്നു. കൗശലത്തോടുകൂടി മറ്റുള്ളവരെ ചതിക്കുന്ന കാര്യത്തിൽ പാമ്പ് വളരെ മിടുക്കനാണ് (2 കൊരിന്ത്യർ 11:3).

ഡിസ്കവറിചാനൽ നോക്കിയാലും പാമ്പിന്റെ തന്ത്രങ്ങൾ കാണാൻ കഴിയും. അപകടങ്ങൾ ഒഴിവാക്കുന്നതിൽ പാമ്പ് വളരെ സൂക്ഷിക്കാറുണ്ട്. പട്ടിയെപ്പോലെ അടുത്ത പറമ്പിൽനിന്നും ഓടി വന്ന് പാമ്പ് ആരെയും കടിക്കാറില്ല. പത്തി വിടർത്തിക്കാണിച്ച് പരമാവധി ശത്രുവിനെ അകറ്റാനാണ് അതു ശ്രമിക്കുക. ശത്രുവിന്റെ അടുത്ത് ഏറ്റുമുട്ടാതെ അത് ഒഴിഞ്ഞുപോവുകയാണ് ചെയ്യുക. ആരെങ്കിലും പാമ്പിനെ എടുത്ത് ഉയർത്തിക്കാണിച്ചതിനുശേഷം താഴെ വച്ചാൽ ഉടനെ രക്ഷപ്പെടാനാണ് പാമ്പ് ശ്രമിക്കുക; അല്ലാതെ അയാളെ ആക്രമിക്കാൻ അതു ശ്രമിക്കാറില്ല. ശത്രുവിന്റെ നേരെ യുദ്ധം ചെയ്യുന്ന ഹീറോയിസം പാമ്പുകൾ കാണിക്കാറില്ല. പിന്നെയോ, അവ എത്രയും വേഗം അവിടെനിന്നും രക്ഷപ്പെടാൻ നോക്കും.

അതാണ് പാമ്പിന്റെ ബുദ്ധി. ഇത് അനുകരിക്കുവാനാണ് യേശു പറഞ്ഞത്. ചെന്നായ്ക്കളോടു ഏറ്റുമുട്ടേണ്ടതില്ല. "ഒരു പട്ടണത്തിൽ നിങ്ങളെ ഉപദ്രവിച്ചാൽ മറ്റൊന്നിലേക്കു ഓടിപ്പോകുവിൻ" (മത്തായി 10:22) – പാമ്പിനെപ്പോലെ! എന്നാൽ അതു അവരെ പേടിച്ചിട്ടല്ല; അടുത്ത പട്ടണത്തിൽ സുവിശേഷം അറിയിക്കാൻ വേണ്ടിയാണ്. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരാവുകയാണ് എന്നു അവകാശപ്പെട്ടുകൊണ്ട് ചില പേടിത്തൊണ്ടന്മാർ രഹസ്യവിശ്വാസികളായി ജീവിക്കുന്നുണ്ട്! അങ്ങനെയുള്ള കാര്യമല്ല കർത്താവ് ഉദ്ദേശിച്ചത്.

**പാമ്പും മനുഷ്യപുത്രനും:** "മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു" എന്നു നാം യോഹന്നാൻ 3:14 ൽ വായിക്കുന്നു. അഗ്നിസർപ്പത്തിന്റെ കടിയേറ്റവർ, മോശെ ഉയർത്തിയ താമ്രസർപ്പത്തെ നോക്കിയാൽ ജീവിക്കും (സംഖ്യ 21:9). പിശാചാകുന്ന പാമ്പിന്റെ കടിയേറ്റവർ, കാൽവറിക്രൂശിൽ ഉയർത്തപ്പെട്ട യേശുവിനെ നോക്കിയാൽ ജീവിക്കും എന്നാണ് യേശു ഉദ്ദേശിച്ചത്.

യേശുവും സർപ്പവും തമ്മിലുള്ള താരതമ്യം അല്ല, യേശുവിനെ ഉയർത്തുന്നതും സർപ്പത്തെ ഉയർത്തിയതും തമ്മിലുള്ള താരതമ്യം ആണ് ഇവിടെ നാം കാണുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഉയർത്തപ്പെടുന്നതിനും ജീവിക്കുന്നതിനും ആണ് ഇവിടെ സർപ്പത്തേക്കാൾ പ്രാധാന്യം കൊടുത്തിരിക്കുന്നത്. താമ്രസർപ്പത്തെ നോക്കിയവർ ജീവൻ പ്രാപിച്ചെങ്കിൽ, യേശുവിനെ നോക്കുന്നവർക്ക് നിത്യജീവനാണ് ലഭിക്കുന്നത് (യോഹന്നാൻ 3:15).

**(തുടരും)**

# പരിശുദ്ധാത്മാവ്

**-എംവിഎസ്-**

34

**വിശ്വാസിയും പരിശുദ്ധാത്മാവും**

''നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?'' (1 കൊരിന്ത്യർ 3:16). ഒരു വിശ്വാസിയുടെ ഉള്ളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വസിക്കുന്നു എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. ഈ പരിശുദ്ധാത്മാവിനോടുള്ള ഒരു ദൈവപൈതലിന്റെ സമീപനം എപ്രകാരമായിരിക്കണം എന്നാണ് നാം ഇനി ചിന്തിക്കാൻ പോകുന്നത്.

**1. ആത്മാവിനെ അനുസരിച്ചുനടപ്പിൻ** (ഗലാത്യർ 5:16)

ആത്മാവിനെ അനുസരിച്ചു നടക്കുക എന്നു പറഞ്ഞാൽ ആത്മാവ് പറയുന്നത് അനുസരിച്ചു നടക്കുക എന്നാണല്ലോ അർത്ഥം. ദൈവാത്മാവ് നമ്മോടു സംസാരിക്കുന്നത് തിരുവെഴുത്തിലൂടെയാണ്. നാം ചെയ്യേണ്ട കാര്യങ്ങളും ചെയ്യരുതാത്തവയും ദൈവാത്മാവ് തിരുവെഴുത്തിലൂടെ നമുക്കു കാണിച്ചുതരും. സ്വപ്നവും ദർശനവും അശരീരീയും ഒന്നും ആരും മുഖവിലയ്ക്ക് എടുക്കേണ്ടതില്ല. തിരുവെഴുത്ത് ശ്രദ്ധിക്കുക. തിരുവെഴുത്തിൽ പറയുന്നത് അനുസരിക്കുക. അപ്പോൾ നാം ആത്മാവിനെ അനുസരിച്ചു നടക്കുന്നവരായിത്തീരുന്നു.

ആത്മാവിനെ അനുസരിച്ചു നടന്നാലുള്ള ഗുണം എന്താണ്? ആത്മാവിനെ അനുസരിച്ചു നടന്നാൽ ''ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല.'' (ഗലാ.5:16). ജഡാഭിലാഷവും ആത്മാഭിലാഷവും പരസ്പരം വിരുദ്ധമാണ് (വാക്യം 17). ആത്മികാഭിവൃദ്ധിക്കുതകുന്ന കാര്യങ്ങളല്ല നാം ചെയ്യുന്നതെങ്കിൽ നാം ജഡത്തിന്റെ മോഹം നിവർത്തിക്കുന്നവരാണ്. കേവലം ഭൂമിയിലുള്ള കാര്യങ്ങളെക്കുറിച്ചു മാത്രമാണ് നമ്മുടെ ശ്രദ്ധയെങ്കിൽ നാം ജഡത്തിന്റെ മോഹം നിവർത്തിക്കാനായി നടക്കുന്നവരാണ്.

ജഡത്തിന്റെ അഭിലാഷങ്ങളുടെ ഒരു ലിസ്റ്റ് ഗലാത്യർ 5:19-21 ൽ കൊടുത്തിട്ടുണ്ട്. ഈ ലിസ്റ്റിലുള്ള ഏതെങ്കിലും കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ നാം ആത്മാവിനെ അനുസരിച്ചു നടക്കുന്നവരല്ല എന്നു വ്യക്തമാണ്. അതുകൊണ്ട് ആ ലിസ്റ്റ് നമുക്കു പരിശോധിക്കാം.

| | | |
|---|---|---|
| (1) ദുർന്നടപ്പ് | adultery | വ്യഭിചാരം |
| (2) അശുദ്ധി | uncleanness | വ്യഭിചാരം ശരീരം കൊണ്ടു ചെയ്യുന്ന തിന്മയാണ്; ഹൃദയംകൊണ്ട് ചെയ്യുന്ന തിന്മയാകാം അശുദ്ധി |
| (3) ദുഷ്കാമം | lasciviousness | സദാസമയവും ലൈംഗികതാത്പര്യവുമായി നടക്കുന്നതാണ് ദുഷ്കാമം |
| (4) വിഗ്രഹാരാധന | idolatry | ദൈവത്തെ ബഹുമാനിക്കാനാണെന്നും പറഞ്ഞ് ഉണ്ടാക്കുന്ന രൂപങ്ങൾ, കുരിശ്, നക്ഷത്രം ഇവയെല്ലാം വിഗ്രഹങ്ങളാണ്. |
| (5) ആഭിചാരം | witchcraft | മന്ത്രവാദം, ചാത്തൻസേവ എന്നിവ മാത്രമല്ല ഭാവിയും ഭൂതവും പറയുന്ന അച്ചന്മാരെയും പാസ്റ്റർമാരെയും തേടി പോകുന്നതും ഇതിൽ ഉൾപ്പെടുത്താം. |
| (6) പക | hatred | എല്ലാവരോടും ശത്രുത തോന്നുക. വെറുപ്പ് തോന്നുക. എല്ലാവരെയും വെല്ലുവിളിച്ചു നടക്കുന്ന സ്വഭാവം. ഒരാളോട് തോന്നിയ അനിഷ്ടം പകയായി അനേക വർഷങ്ങളോളം ഹൃദയത്തിൽ സൂക്ഷിക്കുന്നത്. |
| (7) പിണക്കം | variance | പക ഹൃദയത്തിൽ തോന്നുന്നതാണ്. അത് പ്രകടമാക്കുന്നത് പിണക്കത്തിലൂടെയും. അതായത്, ആദ്യത്തേത് ആന്തരികവും രണ്ടാമത്തേത് ബാഹ്യവും ആണ്. |
| (8) ജാരശങ്ക | emulations | ജാരശങ്ക എന്ന മലയാള പദത്തിന് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സംശയം എന്നാണ് അർത്ഥം. അസൂയ, കിടമത്സരം എന്നൊക്കെ അർത്ഥം വരുന്ന പദമാണ് ഇംഗ്ലീഷ്ബൈബിളുകളിൽ ഉപയോഗിച്ചിരിക്കുന്നത്. മറ്റൊരുവന്റെ ചെലവിൽ |

| | | |
|---|---|---|
| | | നാം വളരാൻ നോക്കുന്നതും, സ്വന്തം ഉയർച്ചയ്ക്കുവേണ്ടി മറ്റൊരുവനെ ചവിട്ടിത്താഴ്ത്തുന്നതും ആണ് ഇവിടെ ഉദ്ദേശിച്ചത് എന്നു ചിലർ പറയുന്നു (Adam Clarke's Commentary) |
| (9) ക്രോധം | wrath | ഏതു സമയവും കോപിക്കുന്നവരുണ്ട്. ഏതു സമയത്താണാവോ കോപം കൊണ്ട് പൊട്ടിത്തെറിക്കുക എന്ന ഭാവത്തിൽ കഴിയുന്ന ചിലരുണ്ട്. |
| (10) ശാഠ്യം | strife | ഞാൻ മാത്രം ശരി, ഞാൻ പിടിച്ച മുയലിന് ചെവി നാല് എന്നീ മനോഭാവങ്ങൾ ഈ വാക്കിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ടാകണം. |
| (11) ദ്വന്ദപക്ഷം | seditions | ഒരുമിച്ചു നിൽക്കാതെ കൂട്ടത്തിൽ തന്റേതായ ഒരു ഗ്രൂപ്പ് ഉണ്ടാക്കുന്ന മനോഭാവം |
| (12) ഭിന്നത | heresies | പാരമ്പര്യമായുള്ള ഉപദേശങ്ങളെ അഥവാ അടിസ്ഥാന ഉപദേശങ്ങളെ എതിർക്കാൻ കാണിക്കുന്ന മനസ്സ് |
| (13) അസൂയ | Envyings | മറ്റുള്ളവർ സന്തോഷിക്കുന്നതു കാണുമ്പോൾ ഉള്ളിൽ അനുഭവപ്പെടുന്ന വേദന |
| (14) മദ്യപാനം | drunkenness | |
| (15) വെറിക്കൂത്ത് | revellings | പാട്ടും കൂത്തും വിരുന്നും ആയി തിമിർത്ത് ഉല്ലസിക്കുന്നത്. മദ്യപാനത്തെത്തുടർന്ന് ഉണ്ടാകുന്നതാണ് വെറിക്കൂത്ത്. കുടിച്ചു കൂത്താടുക എന്നൊക്കെ നാം പറയാറുണ്ടല്ലോ. |

മേല്പറഞ്ഞ കാര്യങ്ങൾ ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ അവൻ ആത്മാവിനെ അനുസരിച്ചു നടക്കുന്നവനല്ല എന്നും ജഡത്തിന്റെ മോഹം നിവർത്തിക്കുന്നവനാണെന്നും പറയാം. അവിശ്വാസികളിൽ ചിലർ ശിക്ഷയെ ഓർത്തും, അഭിമാനത്തെ ഓർത്തും ജഡമോഹങ്ങളിൽ ചിലതി

ന്മേൽ വിജയം നേടുമ്പോൾ, ഒരു വിശ്വാസി ആത്മാവിനെ അനുസരിച്ചു കൊണ്ട് ഇവയെ ജയിക്കണം.

ആത്മാവിനെ അനുസരിച്ചു നടക്കുന്നതിലൂടെ അഞ്ചു കാര്യങ്ങൾ നമുക്കു നേടാൻ കഴിയും:

(1) ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല (ഗലാത്യർ 5:16)

(2) ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല എന്നു പ്രഖ്യാപിക്കുന്നു (5:17)

(3) ദൈവരാജ്യത്തിന്റെ അവകാശികളാണ് എന്നു തെളിയുന്നു (5:21)

(4) ആത്മാവിന്റെ ഫലങ്ങൾ കാണപ്പെടുന്നു (5:22,23)

(5) അന്യോന്യമുള്ള ബന്ധം ശക്തമാകുന്നു (5:25,26)

**(തുടരും)**


**www.reallifevoice.in**

1. **വിശ്വാസവും സ്നാനവും:** ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. **മഹാകവി കെ. വി. സൈമൺ**
3. **സഭ** (സൺഡേസ്കൂൾ പാഠങ്ങൾ)
4. **ഖുർആൻ:** ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
5. **തിരുവട്ടാർ കൃഷ്ണൻകുട്ടി:** പ്രസംഗപീഠത്തിലെ ബാലസിംഹം
6. **പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ**
7. **സത്യം തേടിയുള്ള അന്വേഷണം**
8. **ഓബദ്യാവ്** (പുസ്തകപഠനം)
9. **മൂലഭാഷകളുടെ സൗന്ദര്യം**
10. **ചോദ്യവും ഉത്തരവും** (സംശയങ്ങൾക്കുള്ള മറുപടി)
11. **ചിന്തകൾ പന്തങ്ങളാകുമ്പോൾ** (എന്റെ ഡയറിക്കുറിപ്പുകൾ)
12. **ഇമ്മാനുവിന്റെ സംശയങ്ങൾ**
13. **തലമുറകൾ**
14. **മൂപ്പൻ**
15. **കുടുംബജീവിതം**
16. **മീഖാ** (പുസ്തകപഠനം)

**എം. വി. സെബാസ്റ്റ്യൻ രചിച്ച ഈ പുസ്തകങ്ങളെല്ലാം നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് സന്ദർശിക്കുക.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th March 2021

Posted at
Thrissur RMS

**ആനുകാലികം**

## സെക്കൻഡിന്റെ വില!

തിരുവനന്തപുരത്ത് കാര്യവട്ടം സ്പോർട്ട്സ് ഹബ് സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ആർമി റിക്രൂട്ട്മെന്റ് ഉദ്യോഗാർത്ഥികൾക്ക് സെക്കൻഡിന്റെ വില എന്തെന്ന് കാണിച്ചു കൊടുത്തു. നിശ്ചിത സമയത്തിനുള്ളിൽ വലയ്ക്കുള്ളിൽ ഓടിക്കയറണം. കൃത്യമായി പറഞ്ഞാൽ, 1.6 കിലോമീറ്റർ ദൂരം പരമാവധി 5 മിനിറ്റ് 45 സെക്കൻഡുകൊണ്ട് ഓടി വലയ്ക്കുള്ളിൽ കയറണം. 5 മിനിറ്റ് 46 സെക്കൻഡ് ആയാൽ വല അടയും. എത്ര ആഞ്ഞുശ്രമിച്ചാലും പിന്നെ കവാടം തുറക്കില്ല.

നിരവധി ഉദ്യോഗാർത്ഥികൾ നെഞ്ചുപൊട്ടി കരഞ്ഞുകൊണ്ടാണ് സ്ഥലം വിട്ടത്. കാരണം, ഒരു സെക്കൻഡിന്റെ വ്യത്യാസത്തിൽ, ഒരേയൊരു സെക്കൻഡിന്റെ വ്യത്യാസത്തിൽ, ആ വല അവരുടെ മുമ്പിൽ അടഞ്ഞു. അവർ പരാജയപ്പെട്ടവരായി വിധി എഴുതപ്പെടുകയും ചെയ്തു. ഒരു വിരൽ നൊടിക്കുന്ന സമയത്തെ ഒരു സെക്കൻഡ് എന്നു കണക്കുകൂട്ടിയാൽ, ഉദ്യോഗാർത്ഥികൾ പലരും തഴയപ്പെട്ടത് നൊടിയിടയിൽ ആണ്.

സമയം ധൂർത്തടിക്കുന്നവർക്ക് സമയത്തിന്റെ വില എന്തെന്നു കാണിച്ചുകൊടുക്കുന്ന ഒരു സംഭവമാണിത്. ഇന്നത്തെ കുട്ടികളും യുവാക്കളും സമയത്തെക്കുറിച്ച് ഒട്ടും ബോധമില്ലാത്തവരെപ്പോലെയാണ് പെരുമാറുന്നത്. പാഴാക്കുന്ന സമയം ഒരിക്കലും തിരിച്ചുകിട്ടുകയില്ലെന്നു നാം തിരിച്ചറിയുക. *(പത്രവാർത്ത: 27-02-2021)*

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V